ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1119

# സൂറ – 38 / സ്വാദ്

## സൂക്തം: 30 – 33

മനുഷ്യൻ അല്ലാഹുവിന്റെ അടിമയാകുന്നത് മനുഷ്യന്റെ വിഭവമോ ശേഷിയോ അവന് പ്രയോജനപ്പെടുത്താനല്ല. അല്ലാഹു തന്നിൽ തന്നെ എല്ലാം തികഞ്ഞവനാണ്. ഒരു കാര്യത്തിലും അവന് സൃഷ്ടിയെ ആശ്രയിക്കേണ്ടതില്ല. സൃഷ്ടിയിലുള്ളതൊക്കെയും അവൻ സൃഷ്ടിച്ചു നൽകിയതുമാണ്. മനുഷ്യൻ ബോധപൂർവം അവനോടുള്ള അടിമത്തം അംഗീകരിക്കുന്നത് അവന്റെ സാമീപ്യവും അനുഗ്രഹവും കാരുണ്യവും ലഭിക്കുന്നതിനു വേണ്ടിയാണ്.

وَوَهَبۡنَا لِدَاوُۥدَ سُلَيۡمَٰنَۚ نِعۡمَ ٱلۡعَبۡدُ إِنَّهُۥٓ أَوَّابٌ ﴿٣٠﴾

30. ദാവൂദിനു നാം സുലൈമാനെ പ്രദാനം ചെയ്തു. എന്തു നല്ല ദൈവദാസൻ, അധികമധികം അല്ലാഹുവിങ്കലേക്കു മടങ്ങിക്കൊണ്ടിരിക്കുന്നവൻ!

**30**

وَوَهَبْنَا لِدَاوُودَ سُلَيْمَانَ = ദാവൂദിനു നാം സുലൈമാനെ പ്രദാനം ചെയ്തു, സമ്മാനിച്ചു

نِعْمَ الْعَبْدُ = എന്തു നല്ല, എത്ര നല്ല അടിമ (ദൈവദാസൻ)

إِنَّهُ أَوَّابٌ = തീർച്ചയായും അദ്ദേഹം അധികമധികം (അല്ലാഹുവിങ്കലേക്കു) മടങ്ങിക്കൊണ്ടിരിക്കുന്നവൻ

ഇനി സുലൈമാൻ നബിയെ അനുസ്മരിക്കുകയാണ് – അദ്ദേഹം ദാവൂദ് നബിയുടെ പുത്രനാണ്. وَوَهَبْنَا -യെ നാം സമ്മാനിച്ചു എന്നും തർജമ ചെയ്യാം. هِبَة സമ്മാനവും സംഭാവനയുമാണ്. അതിന്റെ ക്രിയാരൂപമാണ് وَهَبَ. ജോലിക്ക് നൽകുന്ന വേതനം اجر. വസ്തുവിനു നൽകുന്ന വില ثمن. ദയാദാക്ഷിണ്യത്താൽ പ്രേരിതമായി നൽകുന്നത് صدقة. ലഭിക്കാൻ അവകാശപ്പെടുത്തുന്ന കാരണങ്ങളില്ലാതെ, സ്നേഹത്തിന്റെയും ആദരവിന്റെയും പേരിൽ ലഭിക്കുന്നതാണ് هبة. അല്ലാഹുവിങ്കൽ ഉറ്റ സാമീപ്യമുള്ള ദാവൂദ് നബിക്ക് അല്ലാഹു നൽകിയ സമ്മാനമാണ് സുലൈമാൻ എന്ന പുത്രൻ. അല്ലാഹുവിന്റെ അതിവിശിഷ്ടനായ അടിമയായിരുന്നു അദ്ദേഹം. സുലൈമാൻ എന്ന നാമത്തിന്റെ അർഥം തന്നെ അടിമ എന്നാണെന്നു പറയപ്പെടുന്നു. അതിമഹനീയം, അതി ശ്രേഷ്ഠം എന്ന അർഥത്തിലുള്ള അത്ഭുത സൂചക പദമാണ് نِعم. അല്ലാഹുവിന്റെ അടിമയാണ് العبد. അല്ലാഹുവിന്റെ അതി വിശിഷ്ടനായ അടിമ എന്നാണ് نِعْمَ الْعَبْدُ-ന്റെ താൽപര്യം. മനുഷ്യൻ മറ്റൊരു സൃഷ്ടിയുടെ അടിമയാകുന്നത് അപമാനകരവും പീഡനവുമാണ്. അപരന്റെ നന്മകളും കഴിവുകളും ചൂഷണം ചെയ്യുന്നതിനു വേണ്ടിയാണ് ഒരുവൻ അപരനെ അടിമയാക്കുന്നത്. സൃഷ്ടി അല്ലാഹുവിന്റെ അടിമയാകുന്നതിനു രണ്ടു മാനമുണ്ട്: 1) സൃഷ്ടിയായിരിക്കുന്നതിന്റെ അനിവാര്യതയാണ് സ്രഷ്ടാവിന്റെ അടിമയായിരിക്കുക. അവന് സ്രഷ്ടാവിന്റെ അടിമയല്ലാതാവുക അസാധ്യമാണ്. ചിലർ ഈ യാഥാർഥ്യത്തെ നിഷേധിക്കുന്നു. ചിലർ അത് അറിയുന്നേയില്ല. അപ്പോഴും അവർ സ്രഷ്ടാവിന്റെ അടിമ തന്നെയായിരിക്കും. ചിലർ ഈ യാഥാർഥ്യം അറിയുകയും ബോധപൂർവം അല്ലാഹുവിന്റെ അടിമയായി വർത്തിക്കുകയും ചെയ്യുന്നു. അവർക്ക് ഈ അടിമത്തം ആത്മജ്ഞാനവും സ്വയം കണ്ടെത്തലും അതുകൊണ്ടുതന്നെ മഹിതവുമാകുന്നു. 2) മനുഷ്യൻ അല്ലാഹുവിന്റെ അടിമയാകുന്നത് മനുഷ്യന്റെ വിഭവമോ ശേഷിയോ അവന് പ്രയോജനപ്പെടുത്താനല്ല. അല്ലാഹു തന്നിൽ തന്നെ എല്ലാം തികഞ്ഞവനാണ്. ഒരു കാര്യത്തിലും അവന് സൃഷ്ടിയെ ആശ്രയിക്കേണ്ടതില്ല. സൃഷ്ടിയിലുള്ളതൊക്കെയും

അവൻ സൃഷ്ടിച്ചു നൽകിയതുമാണ്. മനുഷ്യൻ ബോധപൂർവം അവനോടുള്ള അടിമത്തം അംഗീകരിക്കുന്നത് അവന്റെ സാമീപ്യവും അനുഗ്രഹവും കാരുണ്യവും ലഭിക്കുന്നതിനു വേണ്ടിയാണ്.

ചെറുപ്പം തൊട്ട് ദാവൂദ് നബിയുടെ സദ്ഗുണങ്ങൾ കണ്ടും സ്വാംശീകരിച്ചുമാണ് സുലൈമാൻ നബി വളർന്നത്. ഖുർആൻ ഒരിടത്ത് وَوَرِثَ سُلَيْمَانُ دَاوُودَ (സുലൈമാൻ ദാവൂദിന്റെ അനന്തരാവകാശിയായി -27:16) എന്നു പറയുന്നുണ്ട്. സുലൈമാൻ നബിയുടെ അനന്തരസ്വത്തിന്റെ മാത്രം അവകാശിയായിരുന്നില്ല അദ്ദേഹം, അദ്ദേഹത്തിന്റെ സ്വഭാവ വൈശിഷ്ട്യത്തിന്റെയും ധിഷണാ വൈഭവത്തിന്റെയും ദൈവഭക്തിയുടെയും ക്രാന്തദൃഷ്ടിയുടെയുമെല്ലാം അനന്തരാവകാശിയായിരുന്നു. ഒപ്പം ദാവൂദ് നബിയെപ്പോലെ അദ്ദേഹത്തിനും അല്ലാഹു പ്രവാചകത്വവും രാജാധികാരവും നൽകി. അതിനു മാത്രം ദൈവഭക്തനും അല്ലാഹുവിനെ അധികമധികം ആശ്രയിച്ചുകൊണ്ടിരിക്കുന്നവനുമായിരുന്നു സുലൈമാൻ (അ). أَوَّابٌ-ന്റെ അർഥം നേരത്തേ 24-ാം സൂക്തത്തിനു താഴെ വിശദമാക്കിയിരിക്കുന്നു. ●

إِذْ عُرِضَ عَلَيْهِ بِٱلْعَشِيِّ ٱلصَّٰفِنَٰتُ ٱلْجِيَادُ ﴿٣١﴾

31. അദ്ദേഹത്തിനു മുമ്പിൽ പരിശീലനം ലഭിച്ച മേത്തരം കുതിരകൾ ഹാജരാക്കപ്പെട്ടതോർക്കുക.

فَقَالَ إِنِّيٓ أَحْبَبْتُ حُبَّ ٱلْخَيْرِ عَن ذِكْرِ رَبِّي حَتَّىٰ تَوَارَتْ بِٱلْحِجَابِ ﴿٣٢﴾

32. അപ്പോൾ അദ്ദേഹം പ്രസ്താവിച്ചു: കുതിരകളോടുള്ള താൽപര്യം ഞാനിഷ്ടപ്പെടുന്നത് എന്റെ നാഥന്റെ സ്മരണയാലാകുന്നു. അങ്ങനെ കാണാമറയത്ത് അപ്രത്യക്ഷമായി.

رُدُّوهَا عَلَيَّ ۖ فَطَفِقَ مَسْحًۢا بِٱلسُّوقِ وَٱلْأَعْنَاقِ ﴿٣٣﴾

33. അപ്പോൾ അദ്ദേഹം കൽപിച്ചു: അവയെ എന്റെ മുന്നിൽ തിരിച്ചുകൊണ്ടു വരുവിൻ. അവ തിരിച്ചെത്തിയപ്പോൾ അദ്ദേഹം അവയുടെ കാലുകളും കഴുത്തുകളും തലോടാൻ തുടങ്ങി.

**31-33**

إِذْ عُرِضَ عَلَيْهِ = അദ്ദേഹത്തിന്മേൽ (ത്തിന്റെ മുമ്പിൽ) ഹാജരാക്കപ്പെട്ടത് ഓർക്കുക

بِالْعَشِيِّ = ഉച്ചക്കു ശേഷം, വൈകുന്നേരം

الصَّافِنَاتُ الْجِيَادُ = വേഗമേറിയ മുന്തിയ ജനുസ്സിൽപെട്ട കുതിരകളെ (പരിശീലനം ലഭിച്ച മേത്തരം കുതിരകളെ)

فَقَالَ = അപ്പോൾ അദ്ദേഹം പറഞ്ഞു (പ്രസ്താവിച്ചു) إِنِّي أَحْبَبْتُ = ഞാൻ ഇഷ്ടപ്പെട്ടു (പ്പെടുന്നത്)

حُبَّ الْخَيْرِ = നന്മ(കുതിര)യോടുള്ള സ്നേഹം (താൽപര്യം) عَنْ ذِكْرِ رَبِّي = എന്റെ നാഥന്റെ സ്മരണയാലാകുന്നു

حَتَّىٰ تَوَارَتْ = അങ്ങനെ അവ മറഞ്ഞതുവരെ (അപ്രത്യക്ഷമായി) بِالْحِجَابِ = മറ(വിൽ) കൊണ്ട് (കാണാമറയത്ത്)

رُدُّوهَا عَلَيَّ = (അപ്പോൾ അദ്ദേഹം കൽപിച്ചു) അവയെ എന്റെ മേൽ (മുമ്പിൽ) തിരിച്ചുകൊണ്ടുവരുവിൻ

فَطَفِقَ = (അവ തിരിച്ചെത്തിയപ്പോൾ) അദ്ദേഹം തുടങ്ങി

مَسْحًا بِالسُّوقِ وَالْأَعْنَاقِ = കണങ്കാലുകളിലും പിരടികളിലും തടവലാൽ (അവയുടെ കാലുകളും കഴുത്തുകളും തലോടാൻ തുടങ്ങി)

സുലൈമാൻ നബിയുടെ എല്ലാ നടപടികളും അല്ലാഹുവിനെ ഓർത്തുകൊണ്ടും അവന്റെ അഭീഷ്ടം മാനിച്ചുകൊണ്ടുമായിരുന്നു എന്നതിന്റെ ഒരുദാഹരണം അനുസ്മരിക്കുകയാണ്. അദ്ദേഹത്തിന് വമ്പിച്ച സൈനിക ശേഷിയുണ്ടായിരുന്നു. അശ്വസേനാ വിഭാഗമായിരുന്നു അതിൽ മുഖ്യം. പന്തീരായിരം അശ്വഭടന്മാരുണ്ടായിരുന്നുവെന്ന് ബൈബിൾ പറയുന്നു. നന്നായി പരിശീലിപ്പിച്ച മേത്തരം കുതിരകളായിരുന്നു എല്ലാം. صَافِنَاتُ الْجِيَادُ എന്നാണ് മൂല വാക്യം. നാലാം കാൽ നിലത്തുറപ്പിക്കാതെ മൂന്നു കാലിൽ നിൽക്കുന്ന കുതിരയാണ് صافن. ശരീരഭാരം കുറഞ്ഞതും രണാങ്കണങ്ങളിൽ ഉപയോഗിക്കാൻ പരിശീലിപ്പിക്കപ്പെട്ടതുമായ മേത്തരം കുതിരയുടെ ലക്ഷണമാണത്. കുതിരകളെ മാത്രമേ صافن എന്നു വിശേഷിപ്പിക്കാറുള്ളൂ. വിലപിടിച്ചതും വേഗമേറിയതുമായ കുതിരയായ جواد-ന്റെ ബഹുവചനമാണ് جِيَاد. സുലൈമാനീ സേനയിൽ പക്ഷിദളം വരെ ഉണ്ടായിരുന്നതായും ഓരോ സേനാ ദളത്തെയും അദ്ദേഹം വ്യവസ്ഥാപിതമായി പരിശോധിക്കാറുണ്ടായിരുന്നതായും സൂറഃ *അന്നംല്* 20-ാം സൂക്തം സൂചിപ്പിക്കുന്നുണ്ട്. കുതിരപ്പട പ്രത്യേകം ശ്രദ്ധിക്കപ്പെട്ടിരുന്നു. അക്കാലത്തെ ഏറ്റവും മുന്തിയ യുദ്ധോപകരണമായിരുന്നുവല്ലോ കുതിര. ഒരു വൈകുന്നേരം -മധ്യാഹ്നം കഴിഞ്ഞ് അസ്തമയം വരെയുള്ള സമയമാണ് عَشِيّ- പടക്കുതിരകളുടെ പരേഡ് കണ്ട് സന്തുഷ്ടനായ സുലൈമാൻ നബി അവയോടുള്ള തന്റെ പ്രേമത്തിന്റെ പ്രേരകം വ്യക്തമാക്കി: ദൈവസ്മരണയാൽ പ്രചോദിതനായി അവന്റെ പ്രീതി കാംക്ഷിച്ചാകുന്നു ഞാനിവയെ മോഹിച്ചു സംരക്ഷിക്കുന്നത്. അല്ലാതെ വൻ സൈനിക ശക്തിയെന്ന്

അഹങ്കരിക്കാനോ ഊറ്റം കൊള്ളാനോ ലോകരെ ഭയപ്പെടുത്താനോ അല്ല. ബഹുദൈവങ്ങളെ സൃഷ്ടിച്ച് ആരാധിച്ചുകൊണ്ട് ഏകനായ അല്ലാഹുവിനെ നിന്ദിക്കുകയും പ്രവാചക സന്ദേശങ്ങളും ദൈവികശാസനകളും തള്ളിക്കളഞ്ഞ് ഭൂമിയിൽ നാശമുണ്ടാക്കുകയും ചെയ്യുന്ന സത്യനിഷേധികളോട് പൊരുതാൻ ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു. അതിനുവേണ്ടി സജ്ജീകരണങ്ങളൊരുക്കാനും അവൻ നിർദേശിച്ചിട്ടുണ്ട്. മുഹമ്മദ് നബിയോട് പ്രതിയോഗികളെ നേരിടാൻ സൈനികശേഷി സംഭരിക്കാൻ നിർദേശിച്ചപ്പോൾ കുതിരപ്പടയുടെ കാര്യം പ്രത്യേകം എടുത്തു പറഞ്ഞതായി കാണാം:

وَأَعِدُّوا لَهُم مَّا اسْتَطَعْتُم مِّن قُوَّةٍ وَمِن رِّبَاطِ الْخَيْلِ تُرْهِبُونَ بِهِ عَدُوَّ اللَّهِ وَعَدُوَّكُمْ وَآخَرِينَ مِن دُونِهِمْ لَا تَعْلَمُونَهُمُ اللَّهُ يَعْلَمُهُمْ ۚ وَمَا تُنفِقُوا مِن شَيْءٍ فِي سَبِيلِ اللَّهِ يُوَفَّ إِلَيْكُمْ وَأَنتُمْ لَا تُظْلَمُونَ ﴿٦٠﴾

(ശത്രുക്കൾക്കെതിരെ കഴിവിൻപടി ശക്തി സംഭരിക്കുവിൻ. സുസജ്ജമായ കുതിരപ്പടയെ ഒരുക്കി നിർത്തുവിൻ. അതുവഴി അല്ലാഹുവിന്റെയും നിങ്ങളുടെയും ശത്രുക്കളെ ഭീതിപ്പെടുത്താം. അവരെക്കൂടാതെ ഇപ്പോൾ നിങ്ങൾക്കറിയാത്തതും അല്ലാഹു അറിയുന്നതുമായ മറ്റു ശത്രുക്കളെയും. ദൈവികസരണിയിൽ നിങ്ങൾ ചെലവഴിക്കുന്നതെന്തിനും പരിപൂർണമായി പ്രതിഫലം ലഭിക്കുന്നതാകുന്നു. നിങ്ങൾ അനീതിക്കിരയാകുന്നതല്ല -8:60).

മൂല്യമുള്ളതെന്തും ഭാഷാർഥത്തിൽ خير ആണ്. ഇവിടെ അതുകൊണ്ടുദ്ദേശ്യം الخيل- കുതിരയാണ്. خيل-നെ ചില ഗോത്രങ്ങൾ خير എന്ന് പറയാറുണ്ടെന്നും പ്രസ്താവമുണ്ട്. യുദ്ധപ്രിയരായ തങ്ങൾക്ക് നന്മ വരാനുള്ള ഉപാധിയാണ് കുതിര എന്ന അടിസ്ഥാനത്തിലാണീ പ്രയോഗം. കുതിരകളോടുള്ള സവിശേഷ താൽപര്യമാകുന്നു حُبَّ الْخَيْرِ. കുതിരയോടുള്ള താൽപര്യം ഞാനിഷ്ടപ്പെടുന്നത് എന്റെ നാഥന്റെ സ്മരണയിലാണ് എന്ന പ്രസ്താവന, വിധാതാവിനെക്കുറിച്ചുള്ള എന്റെ ബോധവും ഭക്തിയും അവന്റെ മാർഗത്തിൽ പോരാടുന്നതിന് യുക്തമായ സജ്ജീകരണങ്ങളൊരുക്കാൻ പ്രേരിപ്പിച്ചിരുന്നില്ലെങ്കിൽ കുതിരകളോടുള്ള അഭിനിവേശം ഞാൻ വർജിക്കുമായിരുന്നു എന്നു കൂടി ധ്വനിപ്പിക്കുന്നു. കുതിരകൾ പരേഡ് ഗ്രൗണ്ട് വിട്ട് അപ്രത്യക്ഷമാകുന്നതുവരെ അദ്ദേഹം കൗതുകത്തോടെ അവയെ നോക്കിനിന്നു. حَتَّىٰ تَوَارَتْ بِالْحِجَابِ - അവ തിരശ്ശീല കൊണ്ട് മറഞ്ഞതുവരെ- എന്ന വാക്യത്തിലെ മറഞ്ഞു (تَوَارَتْ) എന്ന ക്രിയയുടെ കർത്താവ് കുതിരകളാണെന്ന് സന്ദർഭത്തിൽ സ്പഷ്ടമാണ്. ഈ ക്രിയയുടെ കർത്താവായി സങ്കൽപിക്കാവുന്ന വേറെ യാതൊരു വസ്തുവും ഈ വാക്യത്തിലോ തൊട്ടു മുമ്പും പിമ്പുമുള്ള വാക്യങ്ങളിലോ ഇല്ല. മറയും തടസ്സവും മൂടുപടവുമൊക്കെയാണ് حِجَابِ. ഇവിടെ ഉദ്ദേശ്യം കുതിരകൾ ഗ്രൗണ്ട് വിട്ട് അവയുടെ ലായത്തിൽ അപ്രത്യക്ഷമായി എന്നാവാം, കാണാമറയത്തെത്തിയപ്പോൾ എന്നുമാവാം. അപ്പോൾ അവയെ തന്റെ മുന്നിലേക്കു തിരിച്ചുകൊണ്ടുവരാൻ നബി കൽപിച്ചു. കുതിരകൾ തിരിച്ചു വന്നപ്പോൾ അദ്ദേഹം അവയുടെ കാലുകളും കഴുത്തുകളും വാത്സല്യപൂർവം തലോടിത്തുടങ്ങി. إِنِّي أَحْبَبْتُ...... رَبِّي എന്ന് അദ്ദേഹം പ്രസ്താവിച്ചത് ഈ സന്ദർഭത്തിലായിക്കൂടായ്കയില്ല. مسح കൈകൊണ്ട് തടവലും തലോടലുമാണ്. ഈയർഥത്തിൽ ഖുർആൻ ഇത് പലതവണ ഉപയോഗിച്ചിരിക്കുന്നു. ഉദാ: فَامْسَحُوا بِوُجُوهِكُمْ وَأَيْدِيكُم (നിങ്ങളുടെ ശിരസ്സുകളും കൈകളും കൈകൊണ്ട് തടകുവിൻ -5:6). വെട്ടുക, മുറിക്കുക എന്ന അർഥത്തിൽ مسح ഉപയോഗിക്കാറില്ല. അഥവാ ആലങ്കാരികമായി പറയുകയാണെങ്കിൽ തന്നെ مسحه بالسيف വാളുകൊണ്ട് തലോടി എന്നതുപോലെ ആയുധത്തോടു ചേർത്തേ പറയൂ. ജന്തുക്കളുടെ മുട്ടിനും പാദത്തിനും ഇടയിലുള്ള ഭാഗമായ ساق-ന്റെ ബഹുവചനമാണ് سوق. കാലിന് പൊതുവായും പറയും. സസ്യങ്ങളുടെ കാണ്ഡവും ساق ആണ്. പിരടിയും കഴുത്തും عنق ആണ്. കുതിരയുടെ പിരടിയിലുള്ള കുഞ്ചിരോമങ്ങളാണ് ഇവിടെ ഉദ്ദേശ്യമെന്ന് വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു.

ഉപരിസൂചിത വ്യാഖ്യാനമാണ് സൂക്തങ്ങളുടെ പദങ്ങളിൽനിന്ന് പ്രകാശിതമാകുന്നതും പൂർവികരും ആധുനികരുമായ പല മുഫസ്സിറുകളും സ്വീകരിച്ചിട്ടുള്ളതും ഇതുതന്നെ. ഏറെ വ്യത്യസ്തമായ വേറെ പല വ്യാഖ്യാനങ്ങളുമതിന് നൽകപ്പെട്ടിട്ടുണ്ട്. ചിലർ പറയുന്നു: إِنِّي أَحْبَبْتُ...... عَن ذِكْرِ رَبِّي എന്ന വാക്യത്തിന്റെ അർഥം കുതിരകളോടുള്ള അമിതസ്നേഹം എന്റെ നാഥനെ സ്മരിക്കുന്നതിൽനിന്ന് എന്നെ അശ്രദ്ധനാക്കിക്കളഞ്ഞു എന്നാണ്. കുതിരകളിൽ ലയിച്ചിരിക്കെ അദ്ദേഹത്തിന്റെ അസ്വ്ർ നമസ്കാരം പാഴായിപ്പോയിരുന്നു. അങ്ങനെ സൂര്യൻ അസ്തമിച്ചുവെന്നാണ് حَتَّىٰ تَوَارَتْ بِالْحِجَابِ -ന്റെ അർഥം. فَطَفِقَ..... وَالْأَعْنَاقِ അദ്ദേഹം അവയുടെ കാലുകളും കഴുത്തുകളും വെട്ടാൻ തുടങ്ങി. അതായത് ഒരു വൈകുന്നേരം സുലൈമാൻ നബി അശ്വപരിചരണത്തിൽ വ്യാപൃതനായിരിക്കെ അസ്വ്ർ നമസ്കാരം മറന്നുപോയി. അങ്ങനെ സൂര്യാസ്തമനത്തിനു ശേഷമാണ് അദ്ദേഹം അതോർത്തത്. ഉടനെ കുതിരകളെയെല്ലാം തന്റെ മുന്നിൽ തിരികെ കൊണ്ടുവരാൻ കൽപിച്ചു. തന്റെ അസ്വ്ർ നമസ്കാരം പാഴാകാൻ കാരണമായ ഈ സമ്പത്ത് തനിക്കിനി വേണ്ടെന്നു തീരുമാനിച്ച് അദ്ദേഹം അവയെ കാലും കഴുത്തും വെട്ടി കൊന്നുകളഞ്ഞു.

ഈ വ്യാഖ്യാനത്തിന് പല ദൗർബല്യങ്ങളുണ്ട്. ഈ വ്യാഖ്യാനത്തിന് ആധാരമാകുന്ന إِنِّي أَحْبَبْتُ...... رَبِّي എന്ന വാക്യത്തിന് അവർ നൽകുന്ന അർഥം നേർവിപരീതമാണ്. 30-ാം സൂക്തത്തിൽ അല്ലാഹു സുലൈമാൻ നബിക്കു നൽകിയ نِعْمَ الْعَبْدُ - أَوَّابٌ എന്നീ പ്രശംസകളുമായി പൊരുത്തപ്പെടുന്നതുമല്ല ഈ അർഥകൽപന. تَوَارَتْ بِالْحِجَابِ കുറിക്കുന്നത് സൂര്യാസ്തമയത്തെയാണെന്നതിന് യാതൊരു സൂചനയും സൂക്തത്തിലോ സന്ദർഭത്തിലോ ഇല്ല. സൂര്യൻ തന്നെയാണുദ്ദേശ്യമെങ്കിൽ അതിനെ മടക്കിക്കൊണ്ടുവരിക - رُدُّوهَا എന്നു പറഞ്ഞതും സൂര്യനെക്കുറിച്ചാണെന്നു പറയേണ്ടിവരും. കേവല مسح തടവലും തലോടലുമാണ്, വെട്ടലും മുറിക്കലുമല്ല. കുതിരകളെ പരിചരിച്ച് സുലൈമാൻ നബി നമസ്കാരം മറന്നെങ്കിൽ അത് കുതിരകളുടെ കുറ്റമല്ല, അദ്ദേഹത്തിന്റെ കുറ്റമാണ്. അതിന് ആ മിണ്ടാപ്രാണികളെ വധശിക്ഷക്കിരയാക്കുന്നത് അക്രമം -ഫസാദുൻ ഫിൽ അർദ് ആകുന്നു.

ഇത്തരം വ്യാഖ്യാനങ്ങൾക്ക് തെളിവായി ചില നിവേദനങ്ങൾ ഉദ്ധരിക്കുന്നുണ്ട്. ആ നിവേദനങ്ങളൊന്നും പ്രവാചകനിൽനിന്നുള്ളതാണെന്ന് വിശ്വാസയോഗ്യമായി സ്ഥിരപ്പെടുന്നില്ല. ഇത്തരം വ്യാഖ്യാനങ്ങൾക്കെതിരെ ഉന്നയിക്കപ്പെടുന്ന വിമർശനങ്ങൾക്ക് ഈ വ്യാഖ്യാനത്തേക്കാൾ ബാലിശമായ മറുപടികളാണ് വന്നിട്ടുള്ളത്. ഇസ്രാഈല്യർക്ക് അസ്വ്ർ നമസ്കാരം ഉണ്ടായിരുന്നില്ലല്ലോ എന്നു പറയുമ്പോൾ എങ്കിൽ ഉദ്ദേശ്യം മഗ്‌രിബ് നമസ്കാരമായിരിക്കും എന്ന മറുപടി.

എങ്കിൽ അതെങ്ങനെയാണ് അസ്തമയത്തിനു മുമ്പ് പാഴാവുക എന്ന ചോദ്യം പിന്നെയും ബാക്കി. تَوَارَتْ بِالْحِجَابِ സൂര്യാസ്തമനമാണെങ്കിൽ رُدُّوهَا സൂര്യനെ തിരികെ കൊണ്ടുവരാനുള്ള കൽപനയാകേണ്ടതല്ലേ എന്ന ചോദ്യത്തെ നേരിടുന്നതിങ്ങനെ: അതേ, തിരിച്ചുകൊണ്ടുവരാൻ കൽപിച്ചത് സൂര്യനെ തന്നെയാണ്. മലക്കുകളോടായിരുന്നു കൽപന. അവരതനുസരിക്കുകയും സുലൈമാൻ നബി സമയം പാഴാക്കാതെ അസ്വ്ർ നമസ്കരിക്കുകയും ചെയ്തു. അങ്ങനെ സംഭവിച്ചിട്ടുണ്ടെങ്കിൽ അത് ലോകചരിത്രത്തിൽ അവിസ്മരണീയമായ അത്ഭുതമാകുമായിരുന്നു. അങ്ങനെയൊരു ചരിത്രം ആരും രേഖപ്പെടുത്തിയിട്ടില്ല. مسح-ന് വാളുകൊണ്ട് വെട്ടുക എന്നർഥമില്ല. ഉണ്ടെന്നു സമ്മതിച്ചാൽ തന്നെ സുലൈമാൻ നബിയെപ്പോലൊരാൾ സ്വന്തം വീഴ്ചയുടെ പേരിൽ പാവം മിണ്ടാപ്രാണികളെ വെട്ടിക്കൊല്ലുമോ? അതൊരു ഭ്രാന്തൻ നടപടിയല്ലേ? അന്യായമായ വിഭവനശീകരണമല്ലേ? അതിനുമുണ്ട് മറുപടി: കുതിരകളെ കൊന്നുതള്ളുകയായിരുന്നില്ല. അവയുടെ മാംസം പാവങ്ങൾക്ക് വിതരണം ചെയ്യുകയായിരുന്നു. കുതിരമാംസം ഭക്ഷിക്കുമോ എന്നു ചോദിച്ചാൽ ഇസ്രാഈല്യർക്ക് കുതിരമാംസം അനുവദനീയമായിരുന്നു എന്ന മറുപടിയുണ്ട്. ●